"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - WP(C) No.6631/2014 യിൽ ബഹു. ഹൈക്കോടതിയുടെ 07/02/2019ലെ വിധി ന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

**സ.ഉ.(സാധാ) നം.2165/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/11/2020

---

പരാമർശം:- 1 ശ്രീ. സാബു ബി മാവടിയിൽ ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയ 19.01.2012 ലെ പരാതി

2 ഇടുക്കി ജില്ലാ കളക്ടറുടെ 22.03.2012 ലെ 201/12/DPO/IDK നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 22.11.2013 ലെ D 8- 11868/ 12 നമ്പർ കത്ത്

4 21.12.2013 ലെ 43567/ ഡിഎ2/2013/തസ്വഭവ നമ്പർ സർക്കാർ കത്ത്

5 ബഹു.ഹൈക്കോടതിയുടെ WP(C)നമ്പർ -6631/2014 ൽ പുറപ്പെടുവിച്ച 07/02/2019ലെ വിധി ന്യായം

6 ഉപ്പുതറ ഗ്രാമപഞ്ചായത്ത് 2010-15 കാലഘട്ടത്തിലെ ഭരണസമിതി അംഗങ്ങൾ സമർപ്പിച്ച04.09.2019 ലെ അപേക്ഷ.

7 ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.08.2019 ലെ A1-1965/14കത്ത്

8 ശ്രീ.അരുൺ പൊടിപ്പാറ ഇമെയിൽ വഴി ലഭ്യമാക്കിയ 17.11.2020 ലെ കത്ത്

**ഉത്തരവ്**

ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2010-11 സാമ്പത്തിക വർഷത്തിലെ എസ്.സി യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ വിതരണവും എന്ന പദ്ധതിയിൽ അഴിമതി ഉന്നയിച്ചു കൊണ്ട് ശ്രീ. സാബു ബി മാവടിയിൽ ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയ പരാമർശം 1 പരാതിയിന്മേൽ നടത്തിയ പരിശോധന റിപ്പോർട്ട് ഇടുക്കി ജില്ല കളക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നു.

മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ,പരാതി പഞ്ചായത്ത് ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് നഷ്ടമായ 2,01,190 രൂപ( രണ്ട് ലക്ഷത്തി ഒരായിരത്തി ഒരുനൂറ്റി തൊണ്ണൂറ് രൂപ) കരാറിലേർപ്പെട്ട വ്യക്തികളിൽ നിന്നും (സെക്രട്ടറി, സെക്ഷൻ ക്ലാർക്ക്, 10.01.2011, 10.02.2011 എന്നീ തീയതികളിലെ കമ്മിറ്റിയിൽ ഹാജരായ

ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ) 18% പലിശ സഹിതം തുല്യമായി തിരിച്ച് പിടിച്ച് ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുവാൻ പരാമർശം 4 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

മേൽ സർക്കാർ നിർദേശത്തിനെതിരെ ഉപ്പുതറ ഗ്രാമപഞ്ചായത്ത് പ്രസിഡൻറായ ശ്രീമതി. ഇന്ദിര ചന്ദ്രമോഹൻ ദാസും, മറ്റ് 1 7 ഉപ്പുതറ ഗ്രാമപഞ്ചായത്ത് മെംബർമാരും ബഹു. ഹൈക്കോടതിയിൽ WP(c)6631/2014 നമ്പർ പ്രകാരം റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു. മേൽ പെറ്റിഷനിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം 5 പ്രകാരമുള്ള വിധിന്യായത്തിൽ , പരാതിക്കാർ സർക്കാരിൽ സമർപ്പിക്കുന്ന പരാതി പരിശോധിച്ച് പരാതിക്കാരെ നേരിൽ കേട്ട് തീർപ്പാക്കുവാനും നിർദേശിച്ചു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

നേരിൽ കേട്ട അവസരത്തിലും പരാതിക്കാർ പരാതിയിൽ ഉന്നയിച്ച കാര്യങ്ങൾ തന്നെയാണ് പ്രതിപാദിച്ചത്. 2009-10 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ഒട്ടോറിക്ഷ നൽകുന്ന പ്രോജക്റ്റിന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും എന്നാൽ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധന സഹായം ലഭ്യമാക്കുന്നതിന് ബാങ്കുകളെ സമീപിച്ചുവെങ്കിലും ആധാരമോ സാലറി സർട്ടിഫിക്കറ്റോ നൽകിയാൽ മാത്രമേ ലോൺ അനുവദിക്കുകയുള്ളൂ എന്ന് അറിയിച്ചതിനാലാണ് സ്വകാര്യ കമ്പനിയായ മഹീന്ദ്ര & മഹീന്ദ്ര കമ്പനിയിൽ നിന്ന് പണം വായ്പ എടുത്തത് എന്നും ഗുണഭോക്താക്കളുടെ യോഗം ചേർന്ന് സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽ നിന്നും വായ്പയെടുക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നുവെന്നും ഭൂരിഭാഗം ഗുണഭോക്താക്കളും വസ്തുവും മറ്റും ഈട്ടു നൽകി പൊതു മേഖലാ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള പ്രയാസം അറിയിക്കുകയും ചെയ്തിരുന്നുവെന്നും ആയതിനാലാണ് സ്വകാര്യ കമ്പനിയായ മഹീന്ദ്ര & മഹീന്ദ്ര കമ്പനിയിൽ നിന്ന് വായ്പയെടുത്തത് എന്നും മേൽ പ്രകാരം മാർഗ്ഗ രേഖയിൽ നിന്ന് വ്യതിചലിച്ച് സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽ നിന്നും വായ്പയെടുത്തത് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വരികയും തുക ലാപ്സായി പോകും എന്ന കാരണത്താലുമാണ് എന്നാണ് അറിയിച്ചത്. റിട്ട് പെറ്റീഷനിലെ 5 ാം എതിർ കക്ഷി ബി. സാബു പദ്ധതി നിർവഹണത്തിൽ ആരോപണം ഉന്നയിച്ചു കൊണ്ട് ഓംബുഡ്സ്മാനിൽ നൽകിയ പരാതിയിന്മേൽ ഓംബുഡ്സ്മാൻ നൽകിയ ഉത്തരവിൽ പരാതിക്കാരൻ പൊതുമേഖല ബാങ്കിൽ നിന്ന് ഒട്ടോറിക്ഷ വാങ്ങുന്നതിന് ലോൺ അറേയ്ഞ്ച് ചെയ്ത് നൽകുന്നതിന് സാധിക്കുമെങ്കിൽ മേൽ പ്രകാരം പൊതുമേഖല ബാങ്കിനെ ആശ്രയിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്ന് നിർദേശിച്ചിരുന്നുവെന്നും എന്നാൽ 5ാം എതിർ കക്ഷി ആയതിന് നടപടി സ്വീകരിച്ചിരുന്നില്ലെന്നും പരാതിക്കാർ അറിയിച്ചു. ഈ സാഹചര്യത്തിലാണ് മേൽ പ്രകാരം പദ്ധതി നടപ്പിലാക്കിയത് എന്നും സർക്കാർ നഷ്ടമായി കണക്കാക്കിയ 9145 രൂപ ( warrantee & handling fee- 3500 രൂപ -ആർ.ടി.ഒ ഫീസ് 3645 രൂപ , വണ്ടിക്ക് അധികമായി അടയ്ക്കേണ്ടി വന്ന 2000/- രൂപ) സംബന്ധിച്ച് താഴെ പറയുന്ന വിശദീകരണവും പരാമർശം 6 പ്രകാരം ലഭ്യമാക്കിയിരുന്നു.

വാഹനം ഷോറൂമിൽ നിന്ന് വാങ്ങുമ്പോൾ ടോപ്പ് പട്ടുത ടാറ്റ് ചെയ്യാത്ത രീതിയിലാണ്

നൽകുന്നതെന്നും ടി വാഹനത്തിന്റെ ടോപ്പിൽ കമ്പി പട്ടയിട്ട് വെൽഡ് ചെയ്ത് റെക്സിനും മറ്റും ഇട്ട് പട്ടതാ ടൈറ്റ് ചെയ്ത് വാഹനം രജിസ്ട്രേഷന് സജ്ജമാക്കുന്നതിനാണ് ടി തുക ചെലവഴിച്ചത് എന്നും സാധാരണ വാഹനം വാങ്ങുമ്പോൾ ടി തുക ഉപഭോക്താക്കൾ തന്നെ മുടക്കിയാണ് രജിസ്ട്രേഷന് കൊണ്ടു പോകുന്നത് എന്നും എന്നാൽ ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതമായ 25,000/- രൂപ അടയ്ക്കാൻ പോലും എല്ലാ ഗുണഭോക്താക്കൾക്കും ശേഷിയില്ലായിരുന്നു. എന്നും വാഹനത്തിന് എൻജിൻ സംബന്ധമായ തകരാർ വന്നാൽ കമ്പനിക്കാർ തന്നെ മെയിന്റനൻസ് ചെയ്യുവാൻ 2 വർഷത്തേയ്ക്ക് വാറന്റി ഫീസും കൂടി ചേർത്താണിത് നൽകിയത് എന്നും ഏതൊരു വ്യക്തിയും പുതിയ വാഹനം ഷോറൂമിൽ നിന്നും വാങ്ങി കഴിയുമ്പോൾ അഡീഷണൽ ചാർജ്ജ് കൊടുക്കേണ്ടതാണെന്നും . ടി തുകകൾ മാത്രമാണ് ടി ഇനത്തിൽ ഈടാക്കിയിട്ടുള്ളത് എന്നും അറിയിച്ചു .കൂടാതെ അന്ന് വാഹനം രജിസ്ട്രേഷൻ ചെയ്യുന്നതിന് 3,645/- രൂപ ആയിരുന്നു എന്നും. ആ തുക ആർ.ടി. ഒ യിൽ അടച്ചിട്ടുള്ളതാണ് എന്നും പുതുതായി തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ എന്ന നിലയിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിലെ ആളുകൾ എന്ന് നിലയിലും പരിഗണിച്ച് ഈ കേസിൽ നിന്നും ഒഴിവാക്കി തരണമെന്നും ആവശ്യപ്പെട്ടിരുന്നു.

പരാമർശം 5 പ്രകാരം പദ്ധതി നിർവഹണത്തെ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി

ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ പട്ടികജാതി യുവതിയുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനവും, ഓട്ടോറിക്ഷാ വിതരണവും S O160/11 എന്ന പദ്ധതിയ്ക്ക് 25.02.2011 ലെ 250/10/ഡിപിഒ/ഡിപിസി,/ഐഡികെ നം. ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാആസൂത്രണ സമിതി അന്തിമ അംഗികാരം നൽകിയിട്ടുള്ളതും. 2011-12 ൽ സ്പിൽ ഓവറായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമാണ് എന്നും എസ്.സി. യുവതിയുവാക്കൾക്ക് ഡ്രൈവിംഗ് പരിശിലനം നൽകുകയും പരിശീലനം ലഭിച്ച് ലൈസൻസ് ലഭിക്കുന്ന യുവതിയുവാക്കൾക്ക് 160000/- രൂപ വിലയുള്ള ഓട്ടോറിക്ഷാ വാങ്ങുന്നതിനായി 25000/ രൂപ സബ്സിഡി നൽകുന്നതുമാണ് പ്രോജക്ട് എന്നും പരിശീലനത്തിനായി പഞ്ചായത്ത് ചെലവഴിച്ച 4500 രൂപ ഉൾപ്പെടെ ഗുണഭോക്തൃ വിഹിതം 29500 രൂപ ഗുണഭോക്താവ് നേരിട്ട് ധനകാര്യ സ്ഥാപനത്തിൽ ഒടുക്കുമ്പോൾ പഞ്ചായത്ത് നൽകുന്ന 25000 രൂപ കൂടി കമ്പനിക്ക് നൽകി പദ്ധതി നടപ്പിലാക്കുന്ന രീതിയായിരുന്നു പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

ഗ്രാമ സഭ നോട്ടീസ് പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കി പദ്ധതി നടത്തിപ്പിനായി ലോൺ നൽകുന്നതിന് ദേശസാൽകൃത ബാങ്കുകളുമായി പഞ്ചായത്ത് പ്രസിഡന്റ് സംസാരിച്ചതിൽ ഗുണഭോക്താക്കൾക്ക് സ്വന്തമായി പട്ടയ ഭൂമി ഉണ്ടെങ്കിൽ ആയതിന്റെ ഈടിന്മേൽ ലോൺ ലഭ്യമാക്കാമെന്ന് അറിയിക്കുകയും എന്നാൽ എസ് . സി ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷം പേർക്കും സ്വന്തമായി പട്ടയഭൂമിയായി ഇല്ലാത്തവരായതിനാൽ ദേശസാൽകൃത ബാങ്കുകൾ ലോൺ നൽകാത്തതിനാൽ പ്രൈവറ്റ് ബാങ്കിൽ ക്യാഷ് ക്രെഡിറ്റ് മുഖേന പ്രോജക്ട് നടപ്പിലാക്കാൻ 10.02.2011 ലെ ഗ്രാമപഞ്ചായത്ത് യോഗം തീരുമാനിക്കുകയുണ്ടായി എന്നും 28.12.2011 ൽ ചേർത്ത ഗുണഭോക്താക്കളുടെ യോഗത്തിൽ ഭൂരിപക്ഷം ഗുണഭോക്താക്കളും പ്രൈവറ്റ് ക്യാഷ് ക്രെഡിറ്റ് രീതി അവംബലംബിച്ച് മഹീന്ദ്ര ആൻഡ് മഹീന്ദ്ര കമ്പനിയുടെ ആട്ടോറിക്ഷ എടുക്കുന്നതിന് തയ്യാറായതിന്റെ

അടിസ്ഥാനത്തിൽ പ്രൈവറ്റ് ക്യാഷ് ക്രെഡിറ്റ് രീതിയിൽ വായ്പ ലഭ്യമാക്കാനും മഹീന്ദ്ര ആട്ടോറിക്ഷ വാങ്ങുന്നതിനും തീരുമാനിക്കുകയുണ്ടായി എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്നു.

എന്നാൽ ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25.02.2011 ലെ എ3/444/10 നമ്പർ പ്രകാരം കട്ടപ്പന മഹീന്ദ്ര ആൽഫ മോട്ടോർസ് മാനേജർക്ക് അയച്ച കത്തിലെ സൂചനയിൽ വിവക്ഷിച്ചിരിക്കുന്നത് 25.03.2011 ലെ II( 3) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നാണ് എന്നും ആയതിനാൽ മേൽ കത്ത് പരിശോധിക്കുകയാണെങ്കിൽ കമ്മിറ്റി തീരുമാനം എടുക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് കട്ടപ്പന ആൽഫ മോട്ടോർസുമായി കരാർ ഉറപ്പിച്ചിരുന്നുവെന്ന് ബോധ്യപ്പെടുന്നതാണ് എന്നും ഈ സാഹചര്യത്തിൽ 28.12.2011 ൽ വിളിച്ചു ചേർത്ത ഗുണഭോക്താക്കളുടെ യോഗത്തിൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള ആൽഫ മോട്ടോഴ്സിൽ നിന്ന് വാഹനമെടുക്കാനുള്ള തീരുമാനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഗുണഭോക്താക്കളിൽ അടിച്ചേൽപ്പിച്ചിരിക്കാനാണ് സാധ്യത എന്നുമാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് . കട്ടപ്പന മോട്ടോർസ് ഇന്ത്യ പ്രൈവറ്റ് ലിമിററഡ് എന്ന് സ്ഥാപനം നൽകിയ ഇൻവോയിസ് പ്രകാരം 1.75000 രൂപ നിരക്കിൽ മഹീന്ദ്ര ആൽഫ എന്ന സ്ഥാപനം വാഹനം നൽകാം എന്ന് സമ്മതിക്കുകയും ആയത് പ്രകാരം 01.02.2012 ൽ പഞ്ചായത്ത് സെക്രട്ടറിയും മഹീന്ദ്ര കട്ടപ്പന മോട്ടോർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കരാർ ഉടമ്പടി ചെയതിട്ടുണ്ടെന്നും കട്ടപ്പന മോട്ടോർസ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 08.02.2012 ൽ അയച്ച കത്തിൽ ആർ.ടി ഒ വർക്ക് 3645 രൂപ warrantee & handling fee-3500/- എന്നീ തുകകൾ രേഖപ്പെടുത്തിയിരിക്കുന്നത് ചട്ട വിരുദ്ധമാണെന്നും മേൽ 7145 രൂപയ്ക്ക് പുറമെ ഓരോ വാഹനത്തിനും പ്രോജക്ടിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ 2000 രൂപ നൽകിയിട്ടുണ്ടെന്നും ഇപ്രകാരം 9145 രൂപ അധികമായി നൽകിയാണ് കരാറിൽ ഏർപ്പെട്ടെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും അറിയിച്ചു. ഇപ്രകാരം 22 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വിതരണം ചെയ്തതിൽ 2,01,190 രൂപ അധികരിച്ച് കരാറിൽ ഏർപ്പെട്ടത് വഴി ഗുണഭോക്താക്കൾക്ക് നഷ്ടമായ തുക കരാറിൽ ഏർപ്പെട്ടവർ (സെക്രട്ടറി. സെക്ഷൻ ക്ലാർക്ക്. 10.01.2011, 10.02.2011 എന്നീ തീയതികളിലെ കമ്മിറ്റിയിൽ ഹാജരായ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ എന്നിവർ) 18% പലിശ സഹിതം തുല്യമായി തിരിച്ച് പിടിച്ച് ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുവാൻ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ഉപ്പുതറ ഗ്രാമപഞ്ചായത്ത് പദ്ധതി നടത്തിപ്പിന് പൊതുമേഖലാ ബാങ്ക്, സഹകരണ ബാങ്ക്, എന്നിവയുമായി ബന്ധപ്പെട്ടതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയിൽ ഹാജരാക്കിരുന്നില്ല എന്നും, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് സർക്കാർ മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി നടപ്പിലാക്കിയത് നിലവിലുള്ള ഉത്തരവുകൾക്കും മാർഗ്ഗരേഖയ്ക്കും വിരുദ്ധമാണെന്നും അറിയിച്ചിരുന്നു.

ഹിയറിംഗ് വേളയിൽ ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ പരാമർശം 7 റിപ്പോർട്ടിൽ ഉപ്പുതറ ഗ്രാമപഞ്ചായത്ത് 2011-12 വർഷം നടപ്പിലാക്കിയ എസ്.സി യുവതിയുവാക്കൾക്ക് ഡ്രൈവിങ് പരിശീലനവും, ഓട്ടോറിക്ഷാ വിതരണവും എന്ന പദ്ധതിയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരാമർശം 4 കത്ത് പ്രകാരം നൽകിയ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സെക്രട്ടറി (അധിക ചുമതല) .സെക്ഷൻ ക്ലാർക്ക് ഉൾപ്പടെ 8 പേർ തുക തിരിച്ചടവ് നടത്തിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്.

പരാതിയിൽ ഉന്നയിച്ച കാര്യങ്ങളും ഹിയറിങ് വേളയിൽ വെളിപ്പെടുത്തിയ

വിവരങ്ങളിൽ നിന്നും പഞ്ചായത്തു ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്നും താഴെപറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി

1. പരാതിക്കാർ പരാതിയിൽ ഉന്നയിച്ചിട്ടുള്ളത് 10.2.2011 ൽ ദേശസാൽകൃത ബാങ്കുകളെ വായ്പയ്ക്കായി സമീപിച്ചിരുന്നു എന്നാണ്. എന്നാൽ ആയത് സംബന്ധിച്ച തെളിവുകൾ ഒന്നും പരാതിക്കാർ ഹിയറിംഗ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല.

2. പരാതിയിൽ സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽ നിന്ന് വായ്പ തരപ്പെടുത്തുന്നതിന് തീരുമാനിച്ചത് 25.03.2011 ലെ പഞ്ചായത്ത് കമ്മിറ്റിയിലെ തീരുമാനപ്രകാരമാണ് എന്ന് പറയുന്നുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ 25.02.2011 ൽ കട്ടപ്പന മഹീന്ദ്ര ആൽഫാ മോട്ടേഴ്സ് മാനേജർക്ക് ഇതു സംബന്ധിച്ച കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയതതു പോലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് മുമ്പ് തന്നെ കട്ടപ്പന മഹീന്ദ്ര ആൽഫാ മോട്ടേഴ്സുമായി കരാർ ഉറപ്പിച്ചിരുന്നു എന്നു മനസ്സിലാക്കാം.

3 . നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് വകുപ്പ് തലവന്റെയോ സർക്കാരിന്റെയോ അനുമതി പഞ്ചായത്ത് തേടിയിരുന്നില്ല.

4. ആർ.ടി.ഒ ഓഫീസിൽ നിന്നുളള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നുവെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയതിലേയ്ക്കായി ഒരു വാഹനത്തിന് 3645 രൂപ നൽകിയതും വാറന്റി ആന്റ് ഹാൻഡലിംഗ് ഫീ എന്നീ തുകകൾ നൽകിയിട്ടുള്ളതും ചട്ട വിരുദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 17.11.2020 ൽ പരാതിക്കാരനായ ശ്രീ.അരുൺ പൊടിപ്പാറ പരാമർശം 7 പ്രകാരം ലഭ്യമാക്കിയ കത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്, വണ്ടിപ്പെരിയാർ ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസിന്റെ പരിധിയിൽ ആണെന്നും ബജാജ് ആൽഫാ കമ്പനി ഷോറൂം കട്ടപ്പനയിലാണെന്നും ,ആയതിനാൽ കട്ടപ്പനയിൽ നിന്നും വണ്ടിപ്പെരിയാറിലേക്കും തിരികെയുമുള്ള ഇന്ധന വില കൂടി കണക്കാക്കിയാണ് RTO ചാർജ്ജ് ആയ 3645 രൂപ ഈടാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത് . എന്നാൽ 22 ഓട്ടോകളും ഒരുമിച്ച രജിസ്റ്റർ ചെയ്യേണ്ട അവസരത്തിൽ ഇപ്രകാരം അധികം തുക ഈടാക്കിയത് നീതികരിക്കത്തക്കതല്ല .ഇപ്രകാരം ഓരോ വാഹനത്തിനും അധികമായി 9145 രൂപ നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇത് അടവാക്കിയത് സംബന്ധിച്ച രേഖകളൊന്നും ഹിയറിംഗ് വേളയിൽ പരാതിക്കാർ ഹാജരാക്കിയിരുന്നില്ല.

ഈ സാഹചര്യത്തിൽ പരാതിക്കാരുടെ പരാതിയിലെ ആവശ്യം നിരസിച്ചു കൊണ്ടും ,പരാതിക്കാർ പരാമർശം 4 സർക്കാർ കത്തിലെ നിർദേശം (Exhibit P8) പാലിക്കേണ്ടതാണെന്നും ഹിയറിംഗ് വേളയിൽ പരാതിക്കാർ തങ്ങൾക്കുള്ള സാമ്പത്തിക പരിമിതിയെ സംബന്ധിച്ച് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം 4 നിർദ്ദേശ പ്രകാരമുള്ള തുക രണ്ട് തവണകളായി അടയ്ക്കുന്നതിനുള്ള സാവകാശം കൂടി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

മേൽ പ്രകാരം പരാമർശം 5 ലെ ബഹു. ഹൈക്കോടതിയുടെ വിധി ന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റിഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ , ഇടുക്കി

അഡ്വക്കേറ് ജനറൽ(കേരള ), എറണാകുളം.(ഉപരി പത്രം സഹിതം)

സെക്രട്ടറി , ഉപ്പുതറ ഗ്രാമപഞ്ചായത്ത്. ഇടുക്കി.

ശ്രീ.സാബു മാവടിയിൽ ഹൗസ്, ഉപ്പുതറ , ലോൺട്രീ പി.ഒ. പീരുമേട് . ഇടുക്കി- 685505

ശ്രീമതി. ഇന്ദിര ചന്ദ്രമോഹൻദാസ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്, ചാലിയക്കരയിൽ, ഉപ്പുത്തറ പി.ഒ , ഇടുക്കി- 685505

ശ്രീ. സാബു ജോസഫ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ വൈസ് പ്രസിഡന്റ്, വേങ്ങവേലിയിൽ, ഉപ്പുത്തറ പി.ഒ , ഇടുക്കി-685505

ശ്രീമതി. സരോജിനി ബാലകൃഷ്ണൻ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. കല്ലോലിക്കൽ, മത്തായിപ്പാറ പി.ഒ , കന്നംപടി.

ശ്രീമതി. കൊച്ചുമോൾ ജോസഫ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, ചെറുശ്ശേരി തടത്തിൽ , മാട്ടുത്താവളം പി.ഒ. ഇടുക്കി

ശ്രീ ജോസഫ് എബ്രഹാം, ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. കൊച്ചുപറമ്പിൽ, മത്തായിപ്പാറ പി.ഒ മത്തായിപ്പാറ . ഇടുക്കി-685505

ശ്രീ. മാത്യു പി ജോസഫ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, പൊടിപ്പാറ, ഉപ്പുത്തറ പി.ഒ, കക്കത്തോട് , ഇടുക്കി-685505

ശ്രീ. അരുൺ പൊടിപ്പാറ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. പൊടിപ്പാറ, ഉപ്പുത്തറ പി.ഒ, കക്കത്തോട് , ഇടുക്കി-685505

ശ്രീ. സജിമോൻ ടൈറ്റസ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. ഉപ്പുതറ പി.ഒ. ഇടുക്കി-685505

ശ്രീ. ബിനി അച്ചൻകുഞ്ഞ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, മടപ്പതിൽ , പശുപ്പാറ പി.ഒ, പശുപ്പാറ, ഇടുക്കി

ശ്രീ. എസ്. ചന്ദ്രൻ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. പള്ളിമുറ്റം ലോൺട്രീ. പി.ഒ . ആനപ്പള്ളം , ഇടുക്കി.

ശ്രീമതി. പി. പഞ്ചമി ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, ചീന്തലർ നമ്പർ 2,ലോൺട്രീ. പി.ഒ , ഇടുക്കി

# File No.LSGD-DA2/323/2020-LSGD

ശ്രീ.ആർ ബാലകൃഷ്ണൻ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. സതീഷ് ഭവൻ , പശുപ്പാറ പി.ഒ, പശുപ്പാറ, ഇടുക്കി

ശ്രീ. എ മനുവേൽ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, പുത്തൻപുരയ്ക്കൽ, ലോൺട്രീ. പി.ഒ, ഇടുക്കി

ശ്രീ. റ്റി . ശിവൻകുട്ടി ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. കന്നിലത്ത്, ചപ്പാത്ത് പി.ഒ, ഇടുക്കി

ശ്രീമതി. ഓമന സോദരൻ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. വരിക്കത്ത് ,ചിന്നാർ പി.ഒ, കൈതപ്പത്തൽ, ഇടുക്കി

ശ്രീമതി. ശൈലജ മുരുകയ്യ ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം, ഓമന ഭവൻ, ചീന്തലർ പി.ഒ

ശ്രീമതി. സ്മിതാ റ്റി റ്റി ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. താമരക്കുളം ഹൗസ്, പശുപ്പാറ പി.ഒ, കൈപ്പത്തൽ, ഇടുക്കി

ശ്രീമതി. ഓമന ശശി ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്തംഗം. കുരപ്പള്ളിയിൽ ഹൗസ്, കൊച്ചുകരുംതിരി പി.ഒ മലയിൽ പുതെവൽ, ഇടുക്കി.

എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ